**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6510** **20-03-2023 - ൽ മറുപടിയ്ക്ക്**

**വാട്ടർ അതോറിറ്റി ഓഫീസിലെ ക്രമക്കേട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. അബ്ദുൽ ഹമീദ്** | | **ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | ജല ജീവൻ പദ്ധതിയ്ക്കായി അനുവദിച്ച തുക വാട്ടർ അതോറിറ്റി ഓഫീസിൽ ക്യാഷ് ബുക്കിൽ രേഖപ്പെടുത്താതും തുക കരാറുകാർക്ക് അനുവദിക്കാത്തതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കാമോ; | (എ) | ജലജീവൻ പദ്ധതിക്കായി അനുവദിച്ച തുക കരാറുകാർക്ക് അനുവദിക്കാത്തതുമായി ബന്ധപ്പെട്ട പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.<br><br>2021-2022 സാമ്പത്തിക വർഷത്തിലെ ക്യാഷ് ബുക്ക് പരിശോധന സമയത്തു പ്രസ്തുത കാലയളവിൽ വാട്ടർ സപ്ലൈ ഡിവിഷൻ നെയ്യാറ്റിൻകരയിലെ ജെ.ജെ.എം. പ്രവൃത്തികളുമായി ബന്ധപ്പെട്ട് ഹെഡ് ഓഫീസിൽ നിന്നും നേരിട്ട് കരാറുകാരുടെ ബാങ്ക് അക്കൗണ്ടിലേക്ക് പേയ്മെന്റ് നടത്തിയ തുകയുടെ വിശദാംശങ്ങൾ ക്യാഷ് ബുക്കിൽ രേഖപ്പെടുത്തുകയോ, ജേണൽ എൻട്രി വരുത്തുകയോ ചെയ്തിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിരുന്നു. അതിൻപ്രകാരം കുറ്റാരോപിതരായ ഉദ്യോഗസ്ഥരോട് വിശദീകരണം ആവശ്യപ്പെടുകയും അവർ വിശദീകരണം നൽകുകയും ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത വിഷയത്തിന്മേൽ ധനകാര്യ വിഭാഗം നടത്തിയ അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (ബി) | കേരള വാട്ടർ അതോറിറ്റി ഫിനാൻസ് വിഭാഗം ഇത് സംബന്ധിച്ച് നടത്തിയ അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് <u>അനുബന്ധം 1</u> ആയി ചേർക്കുന്നു. |
| (സി) | പ്രസ്തുത വിഷയത്തിൽ കുറ്റാരോപിതരായ ഉദ്യോഗസ്ഥർക്ക് സ്ഥാനകയറ്റം ഉൾപ്പെടെ നൽകിയെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ വിഷയത്തിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ? | (സി) | പ്രസ്തുത വിഷയത്തിൽ വിശദീകരണം നൽകിയിരുന്ന ഉദ്യോഗസ്ഥർക്ക് സ്ഥാനക്കയറ്റം നൽകിയതായി ശ്രദ്ധയിൽപ്പെട്ടിരുന്നു. ടി വിഷയത്തിൽ നടപടിക്രമങ്ങളുടെ വീഴ്ച കാരണം വാട്ടർ അതോറിറ്റിയ്ക്ക് സാമ്പത്തിക നഷ്ടം ഒന്നും തന്നെ ഉണ്ടായിട്ടില്ലെന്ന് വാട്ടർ അതോറിറ്റി ഫിനാൻസ് വിംഗ് അറിയിച്ചിരുന്നു. മുൻ കാലങ്ങളിൽ വരുത്താത്ത ക്യാഷ് ബുക്ക് എൻട്രികൾ നിലവിൽ വരുത്തിയിട്ടുണ്ടെന്നു നെയ്യാറ്റിൻകര ഡിവിഷനിൽ നിന്നും അറിയിച്ചിട്ടുണ്ട്. ടി വിഷയവുമായി ബന്ധപ്പെട്ട ക്രമക്കേടുകളുടെ വിശദീകരണം ഫിനാൻസ് വിങ്ങിൽ നിന്നും 03/10/2022 ലാണ് ആവശ്യപ്പെട്ടിരുന്നത് (<u>അനുബന്ധം 2</u>). ഇതിൽ |

| | | | |
|---|---|---|---|
| | | | ഉൾപ്പെട്ട ജൂനിയർ സൂപ്രണ്ട് ശ്രീമതി.ജയശ്രീ ആർ.വി., ഡിവിഷണൽ അക്കൗണ്ടന്റ്ഓഫീസർ, അനിൽരാജ് ആർ. എന്നിവർ വിശദീകരണം ചോദിക്കുന്നതിന് മുൻപേ തന്നെ 2021 ൽ പ്രൊമോഷൻ ആയിട്ടുള്ളതാണ്. ജൂനിയർ സൂപ്രണ്ട് നൽകിയ മറുപടി <u>അനുബന്ധം 3</u> ആയി ചേർക്കുന്നു. ഈ വിഷയത്തിൽ ക്യാഷ് ബുക്ക് എൻട്രികളിലെ വീഴ്ച തിരുത്തിയതിനാലും സാമ്പത്തിക നഷ്ടം ഒന്നും സംഭവിച്ചിട്ടില്ലാത്തതിനാലും അവരുടെ മറുപടികൾ അംഗീകരിക്കുകയും ആയതിനാൽ മറ്റ് തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടില്ല. 09/05/2022 ൽ കൂടിയ DPC യിലാണ് ശ്രീ.നാരായണ നമ്പൂതിരിയെ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയറായി പ്രൊമോട്ട് ചെയ്യുവാൻ തീരുമാനം എടുക്കുന്നത്. ആ സമയത്ത് അദ്ദേഹത്തിനെതിരെ ഒരു അച്ചടക്ക നടപടിയും ഉണ്ടായിരുന്നില്ല. |

സെക്ഷൻ ഓഫീസർ

anex 1- inspection report

8449/AO(ACCTS)/2023/KWA 14.03.2023

**<u>ജലജീവൻ മിഷൻ പദ്ധതി പ്രകാരം കരാറുകാർക്ക് അനുവദിച്ചു നൽകിയ 11 കോടി രൂപയോളം നെയ്യാറ്റിൻകര ഡിവിഷൻ ഓഫീസിലെ ക്യാഷ് ബുക്കിൽ ഉൾപ്പെടുത്താത്തതുമായി ബന്ധപ്പെട്ടു അക്കൗണ്ട്സ് വിഭാഗം കണ്ടെത്തിയ ക്രമക്കേടിന്റെ റിപ്പോർട്ട്</u>**

**സൂചന :**

1. 03.10.2022 തീയതിയിലെ 25343/DAO(ACCTS)/2022/KWA എന്ന നമ്പർ കത്ത്.
2. 09.11.2022-ലെ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ KWA/WSD/AB1/17/JS/2004(vol-II) എന്ന നമ്പറിലെ മറുപടി കത്ത്.
3. 20.10.2022 തീയതിയിലെ ജൂനിയർ സൂപ്രണ്ട് ശ്രീമതി. ജയശ്രീ ആർ.വി സമർപ്പിച്ച വിശദീകരണകത്തിനുള്ള മറുപടി.
4. 05.09.2022 തീയതിയിലെ ജൂനിയർ സൂപ്രണ്ട് ശ്രീമതി ഗീത എം സമർപ്പിച്ച വിശദീകരണ കത്തിനുള്ള മറുപടി

2021-22 സാമ്പത്തിക വർഷത്തിലെ ക്യാഷ് ബുക്ക് പരിശോധന സമയത്തു പ്രസ്തുത കാലയളവിൽ നെയ്യാറ്റിൻകര ഡിവിഷനിലെ ജെ.ജെ.എം., സ്റ്റേറ്റ് പ്ലാൻ പ്രവർത്തികളുമായി ബന്ധപ്പെട്ട കരാറുകാർക്ക് ഫിനാൻസ് വിങ് (KWA)/ ട്രഷറി വഴി നേരിട്ട് അനുവദിച്ച തുകയുടെ വിശദാംശങ്ങൾ ക്യാഷ് ബുക്കിൽ രേഖപ്പെടുത്തുകയോ ജേർണൽ എൻട്രി വരുത്തുകയോ ചെയ്തിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടു. തുടർന്ന് ടി ഡിവിഷനിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർ, ജൂനിയർ സൂപ്രണ്ട് എന്നിവരോടു സൂചന (1) പ്രകാരം വിശദീകരണം ആവശ്യപ്പെട്ടു. സൂചന (2) കത്ത് പ്രകാരം എക്സിക്യൂട്ടീവ് എഞ്ചിനീയർ നൽകിയ വിശദീകരണവും ,സൂചന (3) കത്ത് പ്രകാരം പ്രസ്തുത കാലയളവിലെ ജൂനിയർ സൂപ്രണ്ട് ശ്രീമതി ജയശ്രീ ആർ.വി-യുടെ വിശദീകരണവും ഇതോടൊപ്പം സമർപ്പിക്കുന്നു. കൂടാതെ സൂചന (4) കത്ത് പ്രകാരം നിലവിലെ ജൂനിയർ സൂപ്രണ്ട് ശ്രീമതി ഗീത എം- ന്റെ വിശദീകരണവും ഇതോടൊപ്പം സമർപ്പിക്കുന്നു

ജൂനിയർ സൂപ്രണ്ടായിരുന്ന ശ്രീമതി ജയശ്രീ ആർ വി യുടെ ഭാഗത്തെ ഗുരുതരമായ വീഴ്ച കാരണമാണ് ജെജെഎം , സ്റ്റേറ്റ് പ്ലാൻ പ്രവർത്തികളുമായി ബന്ധപ്പെട്ട കരാറുകാർക്ക് ഫിനാൻസ് വിങ് / ട്രഷറി വഴി അനുവദിച്ച തുകയുടെ വിവരങ്ങൾ ക്യാഷ് ബുക്കിൽ രേഖപ്പെടുത്താത്തത് എന്ന് സൂചന 2 പ്രകാരം എക്സിക്യൂട്ടീവ് എഞ്ചിനീയർ നൽകിയ മറുപടി കത്തിൽ അറിയിച്ചിരിക്കുന്നു

എന്നാൽ ടി കാലയളവിലെ ജൂനിയർ സൂപ്രണ്ട് ആയിരുന്ന ശ്രീമതി. ജയശ്രീ ആർ.വി-ക്കു നൽകിയ വിശദീകരണ കത്തിനുള്ള മറുപടിയിൽ വർക്ക് ഫയലുകൾ ജൂനിയർ സൂപ്രണ്ട് വഴിയല്ല മേലുദ്യോഗസ്ഥരുടെ അംഗീകാരത്തിനായി സമർപ്പിച്ചിരുന്നത് എന്ന് സൂചിപ്പിച്ചിരിക്കുന്നു. കരാറുകാർക്ക് ഫിനാൻസ് വിങ്(KWA)/ ട്രഷറി വഴി നേരിട്ട് അനുവദിച്ചു നൽകിയിട്ടുള്ള തുകയുടെ വിവരങ്ങൾ ഡിവിഷൻ കാര്യാലയത്തിൽ അറിയിച്ചിട്ടും ആയതു ക്യാഷ് ബുക്കിൽ രേഖപ്പെടുത്തുകയോ ആവശ്യമായ ജേർണൽ എൻട്രി വരുത്തുകയോ ചെയ്യാതെ tax recoveries മാത്രം ക്യാഷ് ബുക്കിൽ രേഖപ്പെടുത്തിയത് കൃത്യവിലോപമായികാണുന്നു. 1999 -ലെ Kerala Water Authority (Duties of employees) Regulations പ്രകാരം, ജൂനിയർ സൂപ്രണ്ടിന്റെ കടമകളും ഉത്തരവാദിത്വങ്ങളും നിർവ്വചിച്ചിട്ടുള്ളതിൽ ക്യാഷ് ബുക്കിന്റെ

ഉത്തരവാദിത്വം ജൂനിയർ സുപ്രണ്ടിനാണെന്നിരിക്കെ ശ്രീമതി. ജയശ്രീ ആർ.വി നൽകിയ മറുപടി തൃപ്തികരമല്ല. പ്രതിദിനം വരവ് ചിലവ് കണക്കുകൾ ക്യാഷ് ബുക്കിൽ കൃത്യമായി രേഖപെടുത്തിയിട്ടുണ്ടോ എന്ന് പരിശോധിച്ചു ഉറപ്പു വരുത്തേണ്ട ചുമതല ഡിവിഷണൽ അക്കൗണ്ട്സ് ഓഫീസറിലും ആയത് കൃത്യമാണെന്ന് സാക്ഷ്യപ്പെടുത്തേണ്ട ചുമതല എക്സിക്യൂട്ടീവ് എഞ്ചിനീയറിലും നിക്ഷിപ്തമാണ്.

സൂചന കത്ത് (4) പ്രകാരം നിലവിലെ ജൂനിയർ സൂപ്രണ്ട് ശ്രീമതി ഗീത എം -ന്റെ വിശദീകരണത്തിൽ, ഡിവിഷൻ തലത്തിൽ കൂടിയ മീറ്റിംഗിന്റെ മിനുറ്റിസിന്റെ അടിസ്ഥാനത്തിൽ മുൻ ജൂനിയർ സൂപ്രണ്ടിന്റെ കാലയളവിലെ ജെജെഎം ബില്ലുകളുടെ പേയ്മെന്റുകൾ 06/22 ലെ ക്യാഷ്ബുക്കിൽ ഉൾപ്പെടുത്തിയതായി അറിയിച്ചിട്ടുണ്ട്. മേൽ പറഞ്ഞ നടപടി ക്രമങ്ങളുടെ വീഴ്ച കാരണം വാട്ടർ അതോറിറ്റിക്ക് സാമ്പത്തിക നഷ്ടം ഒന്നും തന്നെ ഉണ്ടായിട്ടില്ലെന്ന് ഇതിനാൽ അറിയിക്കുന്നു

ഈ കാലയളവിലെ നെയ്യാറ്റിൻകര ഡിവിഷനിലെ ഉദ്യോഗസ്ഥരുടെ വിവരം ചുവടെ ചേർക്കുന്നു.

| Water Supply Division Neyyattinkara | | |
|---|---|---|
| Incumbency details | | |
| Executive Engineer | Joining date | Relieving date |
| Sri. Narayanan Namboothiri | 26.09.2018 | 30.06.2022 |
| Sri. Satyawilson S | 01.07.2022 | Continuing |
| | | |
| Divisional Accounts Officer | | |
| Sri. Anil Raj R | 21.08.2019 | 31.12.2021 |
| Sri.Prasannalal N | 01.01.2022 | Continuing |
| | | |
| Junior Superintendent | | |
| Smt. Jayasree RV | 14.11.2019 | 05.01.2022 |
| Smt. Geetha M | 07.02.2022 | Continuing |

Ajith Kumar G
Accounts Manager

The document is digitally approved. Hence signature is not needed.

അനുബന്ധം.2



**'ജലം ജീവാമൃതം'**

**അടിയന്തിരം**

Mobile/ Whatsapp: +9194959 98258
Website:http://www.kwa.kerala.gov.in

Tel: 0471 2738300
Consumer Helpline Number
**1916 [24X7] [Toll Free]**
1916cckwa@gmail.com

**കേരള വാട്ടർ അതോറിറ്റി**

ജലഭവൻ,
വാട്ടർ അതോറിറ്റി ക്യാംപസ്
വെള്ളയമ്പലം

നമ്പർ. 25343/DAO(ACCTS)/2022/കെ ഡബ്ല്യു എ

തീയതി: 03.10.2022

പ്രേഷകൻ

ഫിനാൻസ് മാനേജർ & ചീഫ് അക്കൗണ്ട്സ് ഓഫീസർ

സ്വീകർത്താവ്

എക്സിക്യൂട്ടീവ് എഞ്ചിനീയർ,
വാട്ടർ സപ്ലൈ ഡിവിഷൻ നെയ്യാറ്റിൻകര.
കേരള വാട്ടർ അതോറിറ്റി

വിഷയം:- കേരള ജല അതോറിറ്റി - അക്കോൺസ് - നെയ്യാറ്റിൻകര ഡിവിഷൻ - 2021-22 കാലയളവിലെ അക്കൗണ്ട്സ് പൂർത്തീകരണവുമായി ബന്ധപ്പെട്ട്.

സൂചന:- 2021-2022 സാമ്പത്തിക വർഷത്തെ ക്യാപിറ്റൽ പ്രവർത്തികളുടെ തുക ക്യാഷ് ബുക്കിൽ ഉൾകൊള്ളിക്കാത്തതു സംബന്ധിച്ച.

മേൽ വിഷയത്തിലേക്കു താങ്കളുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു. 2021-22 സാമ്പത്തിക വർഷത്തിലെ ക്യാഷ് ബുക്ക് പരിശോധന സമയത്തു പ്രസ്തുത കാലയളവിൽ താങ്കളുടെ കാര്യാലയത്തിൽ Jal Jeevan Mission, KIIFB, State Plan എന്നീ പ്രവർത്തികളുമായി ബന്ധപെട്ട് കരാറുകാർക്ക് ഫിനാൻസ് വിഭാഗത്തിൽ നിന്നും അനുവദിച്ച തുകകളുടെ വിവരങ്ങൾ ക്യാഷ് ബുക്കിൽ രേഖപ്പെടുത്തിയതായി കാണുന്നില്ല. ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും ആയത് ഗുരുതരമായ വീഴചയായി കാണുന്നു.

തുടർന്ന് നെയ്യാറ്റിൻകര ഡിവിഷനിലെ മുൻ ജൂനിയർ സുപ്രണ്ടായ ശ്രീമതി.ജയശ്രീ.ആർ.വി 28.09.2022 നു ഈ ഓഫീസിൽ ഹാജരായെങ്കിലും മേൽ വിവരങ്ങൾ ക്യാഷ് ബുക്കിൽ രേഖപെടുത്താതിരുന്നതിന് വ്യക്തതമായ കാരണം ബോധിപ്പിക്കാൻ സാധിച്ചിട്ടില്ല. (പേയ്മെന്റ്

Draft #2 of File 25343/DAO(ACCTS)/2022/KWA Approved by Finance Manager & Chief Accounts Officer on 03-Oct-2022 05:32 PM - Page 1
Draft #9 of File 18239/VIGILANCE/2020/KWA Approved by Deputy Chief Engineer (Vigilance) on 18-Mar-2023 04:57 PM - Page 7

നടത്തിയത് താൻ അറിയാതെയാണെന്നാണ് അറിയിച്ചത്) ആയതിനാൽ 2021-22 കാലയളവിൽ ഉള്ള എല്ലാ പണമിടപാടുകളും ക്യാഷ്ബുക്കിൽ രേഖപ്പെടുത്തി നെയ്യാറ്റിൻകര ഡിവിഷനിൽ നിലവിലുള്ള എല്ലാ ബാങ്ക് അക്കൗണ്ടിന്റെയും Bank Reconciliation ഉൾപ്പെടെ 15.10.2022 ന ഈ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.

കരാറുകാർക്ക് നൽകുന്ന തുകകൾ അതാത് ഡിവിഷനുകളിലെ ക്യാഷ് ബുക്കിൽ രേഖപ്പെടുത്തി ബന്ധപ്പെട്ട Work-in- Progress Entry കൾ എല്ലാ മാസവും അക്കൗണ്ട്സിൽ ഉൾപെടുത്തേണ്ടതാണ് എന്ന കർശനമായ നിർദ്ദേശം ഉണ്ടായിരുന്നിട്ടും അനുവദിച്ച തുകകളുടെ വിവരങ്ങൾ ക്യാഷ് ബുക്കിൽ രേഖപ്പെടുത്താത്തതിന്റെ കാരണം ബന്ധപ്പെട്ട ഉദ്യോഗസ്ഥർ 15.10.2022 ന മുൻപായി നൽകേണ്ടതാണ്. ഇതിനുള്ള നിർദ്ദേശം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകണമെന്നും അറിയിക്കുന്നു. അല്ലാത്തപക്ഷം നിലവിലെ ചട്ടങ്ങൾ അനുസരിച്ചുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

വിശ്വസ്തതയോടെ,
ഷിജിത്ത് വി
ഫിനാൻസ് മാനേജർ & ചീഫ്
അക്കൗണ്ട്സ് ഓഫീസർ

• • • • •

Draft #2 of File 23343/DAO(ACCTS)/2022/KWA Approved by Deputy Chief Engineer (Vigilance) on 18-Mar-2023 04:57 PM - Page 2

The document is digitally approved. Hence signature is not needed.

അനുബന്ധം.3

പ്രേഷകൻ

ശ്രീമതി ജയശ്രീ ആർ.വി
ഡിവിഷണൽ അക്കൗണ്ട്സ് ഓഫീസർ
പി.എച്ച് സർക്കിൾ
ജന്റം പ്രോജക്ട്
കേരള വാട്ടർ അതോറിറ്റി
വെള്ളയമ്പലം

സ്വീകർത്താവ്

**ഫിനാൻസ് മാനേജർ & ചീഫ് അക്കൗണ്ട്സ് ഓഫീസർ,**
**ജലഭവൻ**
കേരള വാട്ടർ അതോറിറ്റി ക്യാമ്പസ്,
വെള്ളയമ്പലം, തിരുവനന്തപുരം.

സർ,

വിഷയം: കേരള ജല അതോറിറ്റി അക്കൗണ്ടസ്സ് നെയ്യാറ്റിൻകര ഡിവിഷൻ 2021-22 കാലയളവിലെ അക്കൗണ്ട്സ് പൂർത്തീകരണവുമായി ബന്ധപ്പെട്ടുള്ള കത്തിന് മറുപടി നൽകുന്നത് -സംബന്ധിച്ച്.

സൂചന :- കത്ത് നമ്പർ 25343/ഡിഎഒ/എസിസിറ്റിഎസ്/2022/ കെ.ഡബ്ലിയു.എ തീയതി 3/10/2022 of the FM & CAO

സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ടി കത്ത് 19-10-2022നാണ് മെയിൽ വഴി എനിക്ക് ലഭിച്ചത് . ഞാൻ 11/2019 ൽ ജൂനിയർ സൂപ്രണ്ടായി നെയ്യാറ്റിൻകര ഡിവിഷനിൽ ജോലിയിൽ പ്രവേശിക്കുന്നത്. അന്നു മുതൽ ജൂനിയർ സൂപ്രണ്ടിന്റെ ജോലികൾ കൃത്യമായി ചെയ്യുകയും ചെക്ക് മെമ്മോ ക്യാഷ് ബുക്ക് എന്നിവ സമയബന്ധിതമായി തീർത്ത് ഡി.എ.ഒയുടെയും എക്സിക്യൂട്ടീവ് എഞ്ചിനീയറുടെയും ഒപ്പ് വാങ്ങി സൂക്ഷിച്ചിട്ടുണ്ട്. അത് ടി രജിസ്റ്ററുകൾ പരിശോധിച്ചാൽ മനസ്സിലാക്കാൻ സാധിക്കും. എന്നാൽ 2020 ജനുവരി മാസം മുതലാണ് ജെ.ജെ.എം പ്രവർത്തി തുടങ്ങിയത്. ആയതിന്റെ ഫണ്ട് ഓൺലൈൻ വഴിയാണ് വരുന്നത്. അതുകൊണ്ട് തന്നെ ഫയലുകൾ ഒന്നും ജെ.എസ്സിനെ കാണിക്കേണ്ടതില്ല എന്നും ജെ.എസ്സിന് ഇതിൽ റോൾ ഒന്നും ഇല്ല എന്നുമുള്ള നിർദേശം അവിടത്തെ ഡി.എ.ഒ ശ്രീ.അനിൽ രാജ് ബന്ധപ്പെട്ട സെക്ഷൻ ക്ലർക്കിന് നിർദ്ദേശം നൽകിയിരുന്നു. ടി ഫയലുകൾ ഒന്നും എനിക്ക് തരാത്തതു കാരണം ഞാൻ ഡി.എ.ഒയോട് തിരക്കി ഇവ അക്കൗണ്ട്സിൽ രേഖപ്പെടുത്തേണ്ടതല്ലേ എന്ന്. അപ്പോൾ ഡി.എ.ഒ പറഞ്ഞത് എനിക്കറിയില്ല എന്ന്. ഞാൻ ഇക്കാര്യം എക്സിക്യൂട്ടീവ് എഞ്ചിനീയർ ശ്രീ.നാരായണൻ നമ്പൂതിരി സാറിനെ അറിയിച്ചു. ജെ.ജെ.എം ഫയലുകളും സി.ബിദ കളും എന്നെകാണിക്കുന്നില്ല.



Draft #9 of File 18239/VIGILANCE/2020/KWA Approved by Deputy Chief Engineer(Vigilance) on 18-Mar-2023 04:57 PM- Page

Draft #9 of File 18239/VIGILANCE/2020/KWA Approved by Deputy Chief Engineer (Vigilance) on 18-Mar-2023 04:57 PM - Page 10

എന്നിക്ക് ചെക്ക് മെമ്മോ, ക്യാഷ്ബുക്ക് എന്നിവയിൽ ചേർക്കാൻ കഴിയുന്നില്ല. അതുകൊണ്ട് സാർ ഡി.എ.ഒയോട് പറയണം ഫയലുകൾ ജെ.എസ്സ് വഴി വന്നാൽ മതി എന്ന്. പക്ഷെ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പ്രതികരണം ഇതായിരുന്നു. അടിയന്തിര സ്വഭാവമുള്ള ഫയലുകളാണ് അത് എല്ലാവരുടെയും മേശപ്പുറത്ത് വച്ച് ചുറ്റി വരാനുള്ള സമയമില്ല ആയതിനാൽ ഡി.എ.ഒ യോട് പറഞ്ഞ് സി.ബിദ വാങ്ങി എഴുതാൻ. ഇക്കാര്യം ടിയാനോട് പറഞ്ഞപ്പോൾ അതൊന്നും എന്റെ ജോലി അല്ല എന്ന് പറഞ്ഞ് മാറി. ഞാൻ സെക്ഷൻ ക്ലർക്കിനോട് പറഞ്ഞു ഫയൽ എന്റെ മേശപ്പുറത്ത് വയ്ക്കാൻ. അപ്പോൾ ടിയാൻ പറഞ്ഞത് ജെ.എസ്സിന് ഫയൽ വയ്ക്കണ്ട എന്നാണ് ഡി.എ പറഞ്ഞിരിക്കുന്നത്. അതുകൊണ്ട് വയ്ക്കില്ല. പിന്നെ ജെ.എസ്സിന് ഒരു പ്രശ്നവും ഇത്കൊണ്ട് വരാൻ പോകുന്നില്ല. കാരണം ആരു വന്ന് ഫയൽ പരിശോധിച്ചാലും ജെ.എസ്സിന്റെ ഒരു ഒപ്പുപോലും ഇല്ലാത്ത സ്ഥിതിക്ക് ജെ.എസ്സിന് ഒരു പ്രശ്നവും വരില്ല എന്നാണ് ക്ലർക്കിൽ നിന്നും കിട്ടിയ മറുപടി. ഈ വിഷയം അവിടത്തെ മറ്റെല്ലാ സ്റ്റാഫിനും അറിവുള്ള കാര്യമാണ്. കൂടാതെ ഓൺലൈൻ വഴി ഫണ്ടുവരുന്ന പ്ലാൻ അക്കൗണ്ട്/ജെ.ജെ.എം ഇവയുടെ ഫയലുകൾ സെക്ഷൻ ക്ലർക്ക് എഴുതിക്കഴിഞ്ഞാൽ ഡി.എ.ഒ കൈയ്യിൽ വാങ്ങി കൊണ്ടുപോയി എക്സിക്യൂട്ടീവ് എഞ്ചിനീയറെ കാണിച്ച് അപ്രൂവൽ ചെയ്ത് ഹെഡ് ഓഫീസിൽ അയച്ചതിനു ശേഷം സ്വന്തം കസ്റ്റഡിയിൽ സൂക്ഷിക്കുകയാണ് പതിവ്. പല തവണ ടി വിഷയം എക്സിക്യൂട്ടീവ് എഞ്ചിനീയറോട് ഞാൻ പറഞ്ഞു. ഓഡിറ്റ് വരുമ്പോൾ പ്രശ്നമാകുമെന്നും ആയതിനാൽ സാർ ഡി.എ.ഒക്ക് നിർദേശം നൽകണം സി.ബി.3 എങ്കിലും ജൂനിയർ സുപ്രണ്ടിനെ ഏൽപ്പിക്കാൻ. ഇത് സംബന്ധിച്ച് എക്സിക്യൂട്ടീവ് എഞ്ചിനീയർ ഒരു മീറ്റിംഗ് വിളിച്ചിരുന്നു. മീറ്റിംഗിൽ എടുത്ത തീരുമാനങ്ങൾ നടപ്പിലാക്കാത്തതിനാൽ ഞാൻ ഒരു നോട്ട് തയ്യാറാക്കി ജെ.ജെ എം ഫയലുകളും സി.ബിദ യും ഒന്നും എന്നെ കാണിക്കുന്നില്ല എന്നും അത് ചെക്ക് മെമ്മോ ക്യാഷ് ബുക്ക് എന്നിവയിൽ ചേർക്കാൻ സാധിച്ചിട്ടില്ല എന്നും ഓഡിറ്റ് വരുന്ന സമയത്ത് വലിയ വിഷയം ഉണ്ടാകുമെന്നും അതുകൊണ്ട് മേൽ ഓഫീസിൽ അറിയിക്കുന്നതിനായി എക്സിക്യൂട്ടീവ് എഞ്ചിനീയറോട് നോട്ട് അപ്രൂവൽ ചെയ്യുന്നതിനായി എഴുതിക്കൊടുത്തപ്പോൾ അത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പ്രൊമോഷനെ ബാധിക്കും. ആയതിനാൽ അപ്രൂവൽ ചെയ്യില്ല എന്നും പറഞ്ഞു. (ആയതിന്റെ കോപ്പി ഇതോടൊപ്പം ചേർക്കുന്നു). ശേഷം മറ്റ് മാർഗ്ഗങ്ങളൊന്നും എന്റെ മുന്നിൽ ഇല്ലാത്തതിനാൽ ഞാൻ ഓഫീസിൽ ഫയലിൽ സൂക്ഷിച്ചു. പിന്നെ ചെക്ക് മെമ്മോ രജിസ്റ്ററിന്റെ റിമാർക്ക്സ്സിൽ എഴുതി ചേർത്തിട്ടുണ്ട്. അത് പരിശോധിക്കാവുന്നതാണ്. ഞാൻ എല്ലാ മാസവും ക്യാഷ് ബുക്ക് എഴുതി കൃത്യ സമയത്ത് തന്നെ ഡി.എ.ഒ യും എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഒപ്പ് വാങ്ങിയിട്ടുണ്ട്. ഞാൻ ചെയ്ത ജോലി ശരിയാണ് എന്ന് അവർക്ക് ബോധ്യപ്പെട്ടതിനാലാണ് അത് ഒപ്പ് വച്ചത്. അതും പരിശോധിക്കാവുന്നതാണ്. കൂടാതെ എല്ലാ ടാക്സുകളും സമയബന്ധിതമായി അടച്ചിട്ടുമുണ്ട്. ആയതിന്റെ റിക്കവറി തുക മാത്ര

മാണ് ഓൺലൈനിൽ വരുന്നത്. അതിൽ സി.ബി.3 യുടെ കോപ്പി മാത്രമേ കിട്ടുകയുള്ളു. ഒറിജിനൽ സി;ബി3 ഉണ്ടെങ്കിൽ മാത്രമേ ക്യാഷ് ബുക്കിൽ എഴുതി ചേർത്ത് സി.ബി.വി നമ്പർ ഇടാൻ സാധിക്കുകയുള്ളു. ആയതിനാൽ എന്റേതല്ലാത്ത കാരണത്താൽ ഉണ്ടായ വീഴ്ച ഞാൻ പരിഹരിച്ച് തരുന്നതിന് തയ്യാറാണ്. അതിനുള്ള ഉത്തരവ് താങ്കളുടെ ഓഫീസിൽ നിന്നും തരേണ്ടതാണ്.

**തീയതി: 20-10-2022**

വിശ്വസ്തതയോടെ

Jayasree

ജയശ്രീ.ആർ.വി

**പകർപ്പ്:-** അക്കൗണ്ട്സ് ഓഫീസർ,
അക്കൗണ്ട്സ് സെക്ഷൻ,
ജലഭവൻ, വാട്ടർ അതോറിറ്റി കാമ്പസ്, തിരുവനന്തപുരം

Hp/28/04/2022

Draft #9 of File 18239/VIGILANCE/2020/KWA Approved by Deputy Chief Engineer (Vigilance) on 18-Mar-2023 04:57 PM - Page 11